## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1654 14.07.2016-ൽ മറുപടിയ്ക്ക്

# പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോൺക്രീറ്റ് വൈദ്യുതി പോസ്റ്റുകൾ വേഗത്തിൽ ഒടിഞ്ഞു പോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ മഴയത്തും കാറ്റത്തും മരങ്ങൾ ഒടിഞ്ഞുവീണും വാഹനങ്ങൾ മുട്ടിയും, ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തതു മൂലവും പോസ്റ്റുകൾ ഒടിഞ്ഞു പോകുന്നുണ്ട്. |
| (ബി) പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ബി) | പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ അതാത് BIS Specification പ്രകാരമുള്ളതാണോ എന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. BIS Specification പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും അതാത് ഇലക്ട്രിക്കൽ സർക്കിളിലെ സിവിൽ വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയതിനു ശേഷമാണ് പോസ്റ്റുകൾ കരാറുകാരിൽ നിന്നും വാങ്ങുന്നത്. |
| (സി) സ്റ്റീൽ കമ്പിക്ക് പകരം ഇരുമ്പു വയർ ഉപയോഗിക്കുന്നത് പോസ്റ്റുകൾ വേഗത്തിൽ ഒടിയുന്നതിന് കാരണ മാകുന്നുണ്ടോ; | (സി) | ഇപ്പോൾ ഉപയോഗിച്ചുവരുന്ന പ്രീസ്ട്രസഡ് കോൺക്രീറ്റ് പോസ്റ്റുകളിൽ 4 mm ഹൈടെൻസൈൽ സ്റ്റീൽ വയറുകളാണ് ഉപയോഗിക്കുന്നത്. സ്റ്റീൽ കമ്പിക്ക് പകരം ഹൈടെൻസൈൽ സ്റ്റീൽ വയറുകൾ ഉപയോഗിക്കുന്നത് പോസ്റ്റുകൾ വേഗത്തിൽ ഒടിയുന്നതിന് കാരണമാകുന്നില്ല. ഇത്തരം വയറുകൾ ഉപയോഗിക്കുവാൻ BIS അനുവദിച്ചിട്ടുണ്ട്. |
| (ഡി) പോൾ കാസ്റ്റിംഗ് യൂണിറ്റിലെ ഗുണമേന്മ പരിശോധന കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

Hemalatha

സെക്ഷൻ ഓഫീസർ.